# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

11.02.2016 ൽ - മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 102

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ പരിഷ്ക്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, എം. വി. ശ്രേയാംസ്കുമാർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ നടത്തിയ പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ് ; | (എ) പൊതുവിതരണ രംഗത്ത് ഭക്ഷ്യ വിതരണ ത്തിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്ന തിനുവേണ്ടി തയ്യാറാക്കിയ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടിന് **(DPR)** മന്ത്രിസഭയുടെ തത്വത്തിലുളള അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിഷ്ക്കരണ നടപടി കളിലൂടെ കാതലായ എന്തുമാറ്റമാണ് പൊതു വിതരണ രംഗത്തുണ്ടായതെന്ന് വ്യക്തമാക്കുമോ ; | (ബി) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, സംസ്ഥാനത്തിനാ വശ്യമായ റേഷൻ സാധനങ്ങൾ ലഭ്യമാക്കുക, റേഷൻ സാധനങ്ങൾ അർഹരായവർക്ക് അർഹമായ അളവിൽ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുക, എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള പൊതു വിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിച്ച് ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുളള സംവിധാനം ഒരുക്കുക, ഉപഭോക്താക്കൾക്കായി സുതാര്യത പോർട്ടലും സുതാര്യമായ പരാതി പരിഹാര സംവിധാനവും ഒരുക്കുക, റേഷൻ കടകളിൽ സ്ഥാപിക്കുന്ന ഇ-പോസ് മെഷീനിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അവർക്ക് അനുവദിക്കപ്പെട്ടിട്ടുളള ഭക്ഷ്യധാന്യങ്ങൾ നൽകുക തുടങ്ങിയവ ഈ പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളാണ് അതോടൊപ്പം വാതിൽപ്പടി വിതരണ സംവിധാന ത്തിലൂടെ റേഷൻ സാധനങ്ങൾ എഫ്.സി.ഐ. യിൽ നിന്നും എ.ആർ.ഡി.കളിൽ എത്തിക്കുക, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനത്തിലൂടെ റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുക എന്നിവയും മേൽ പദ്ധതിയിലൂടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) പ്രസ്തുത പരിഷ്ക്കരണത്തിന്റെ ഭാഗമായ കമ്പ്യൂട്ടർവൽക്കരണ നടപടികൾ സമ്പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) കമ്പ്യൂട്ടർവൽക്കരണ നടപടികൾ സമ്പൂർണ്ണ മായും സമയബന്ധിതമായും നടപ്പിലാക്കുന്ന തിന് നടപടി സ്വീകരിച്ച് വരികയാണ്. |

Thulasi

സെക്ഷൻ ഓഫീസർ